## 2020-2021 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളും ധനവിനിയോഗ ബില്ലും പരിഗണിക്കുന്നതിനുള്ള പ്രമേയം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കോവിഡ്-19-ന്റെ ഭീഷണി നിലനിൽക്കുന്ന പശ്ചാത്തലത്തിൽ ഇന്ന് ചേരുന്ന പ്രത്യേക സഭാ സമ്മേളനം തുടർന്ന് പോകാനുള്ള സാഹചര്യമല്ല നിലവിലുള്ളത്. ആകയാൽ ഇന്ന് സഭയുടെ മേശപ്പുറത്ത് വച്ച ഉപധനാഭ്യർത്ഥനകൾ ഇന്നുതന്നെ പരിഗണിക്കുവാനും തുടർന്ന് അത് സംബന്ധിച്ച ധനവിനിയോഗ ബിൽ കൂടി ചട്ടം 153(2)-ന് താൽക്കാലിക ഇളവ് വരുത്തി പരിഗണിക്കുവാനും ഈ സഭ തീരുമാനിക്കുന്നു എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.